വിദേശത്ത് ജോലിക്ക് പോകുന്ന ഡോക്ടർമാരുടെ ലീവ് അനുവദിക്കുന്ന നടപടി

145 [921] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

" കെ. സുധാകരൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. ഡി. സുഗതൻ :

" പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലിക്ക് പോകുന്നതിന് ഡോക്ടർമാർക്ക് എത്ര വർഷം വരെ ലീവ് നൽകാറുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ലീവെടുത്തും എടുക്കാതെയും എത്ര ഡോക്ടർമാർ സർവ്വീസിൽ നിന്ന് വിട്ടു നിൽക്കുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇവർ സർവ്വീസിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് മെമ്മോ കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) അതിനു വഴങ്ങാത്തവരുടെ മേൽ നടപടിയെടുക്കുന്നതിനും അവരെ പിരിച്ചുവിടുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 22-7-2003-ലെ സർക്കാർ ഉത്തരവ് (ആർ/റ്റി) നമ്പർ പ്രകാരം ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് കേരളാ സർവീസ് റൂൾസ് അപ്പൻഡിക്സ് XII A, XII C പ്രകാരം നല്കുന്ന ലീവിന്റെ കാലാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ ദൗർലഭ്യം കണക്കിലെടുത്ത് ഇപ്പോൾ ഡോക്ടർമാർക്ക് അപ്പൻഡിക്സ് XII A, XII C പ്രകാരമുള്ള ലീവ് സർക്കാർ പരിഗണിക്കുന്നില്ല.

(ബി) പലകാലയളവിലായി 381 പേർ അവധിയിൽ പ്രവേശിച്ച് തുടരുന്നു. അനധികൃതമായി 116 പേർ സർവീസിൽ നിന്നും വിട്ടുനില്ക്കുന്നുണ്ട്.

(സി) നൽകിയിട്ടുണ്ട്.

(ഡി) പ്രൊബേഷൻ പൂർത്തിയാക്കാത്ത മെഡിക്കൽ ഓഫീസർമാർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയാണെങ്കിൽ അവരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സർവീസിൽ തിരികെ പ്രവേശിക്കണമെന്ന നിർദ്ദേശത്തിന് വഴങ്ങാത്ത മറ്റു മെഡിക്കൽ ആഫീസർമാരുടെ മേൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly